LIBRARY ARCHIVES Kerala Legislative Assembly

വികസന പരിശീലന കേന്ദ്രങ്ങൾ

15 (1389) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന പരിശീലന കേന്ദ്രങ്ങളിലെ തസ്തികകൾക്കായി സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളാണ് സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ്പെഷ്യൽ റൂൾ പ്രകാരം എത്ര എക്സ്റ്റെൻഷൻ എഡ്യൂക്കേഷൻ തസ്തികകളുണ്ടെന്നും ,അവയിൽ എത്ര ഒഴിവുകളുണ്ടെന്നുc വ്യക്തമാക്കാമോ;

(സി) എക്സ്റ്റെൻഷൻ എഡ്യൂക്കേഷൻ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വികസന പരിശീലന കേന്ദ്രങ്ങളിലെ ലക്ചറർ ഗ്രേഡ് I, II എന്നീ തസ്തികകൾക്ക് സ്പെഷ്യൽ റൂൾ നിലവിലുണ്ട്.

(ബി&സി) സ്പെഷ്യൽ റൂളിൽ എക്സ്റ്റെൻഷൻ എഡ്യൂക്കേഷൻ ലക്ചറർ തസ്തിക ഉണ്ടെങ്കിലും ഇ.ടി.സി. കളിലൊന്നും തന്നെ ഈ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല.

ഇന്ദിര ആവാസ് യോജന

16 (1390) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) . ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഇന്ദിര ആവാസ് യോജനയുടെ സാമ്പത്തിക നേട്ടങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) ഓരോ കൊല്ലത്തേയും കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും സംബന്ധിച്ച വിവരങ്ങൾ നൽകാമോ;

(സി) ഇതിൽ ഓരോ വർഷവും എത്ര തുക വീതം ചെലവഴിക്കപ്പെട്ടുവെന്ന് അറിയിക്കാമോ; ഇത് അതത് വർഷം ആകെ ഫണ്ടിന്റെ എത്ര ശതമാനം വീതം വരുമെന്നറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഐ.എ.വൈ. പദ്ധതിയിൽ 31-1-2016 വരെ കേന്ദ്ര വിഹിതമായി 939.69 കോടി രൂപയും സംസ്ഥാന വിഹിതമായി 377.83 കോടി രൂപയും അനുവദിക്കുകയുണ്ടായി. നീക്കിയിരുപ്പ് തുക, മറ്റു വരവുകൾ എന്നിവയുൾപ്പെടെ ആകെ ലഭ്യമായ തുകയിൽ നിന്നും 1355.19 കോടി രൂപ ചെലവഴിക്കുകയുണ്ടായി.

(ബി)

വർഷം	കേന്ദ്ര വിഹിതം (തുക കോടിയിൽ)	സംസ്ഥാന വിഹിതം (തുക കോടിയിൽ)
2011-12	181.60	58.22
2012-13	145.39	48.02
2013-14	217.42	72.47
2014-15	154.57	51.52
2015-16 (31-1-2016 വരെ)	240.70	147.58

(സി)

വർഷം	ആകെ ലഭ്യമായ തുക (കേന്ദ്ര സംസ്ഥാന വിഹിതം, മറ്റ് വരവുകൾ, നീക്കിയിരിപ്പ് തുക കോടിയിൽ)	ചെലവഴിച്ച തുക (കോടിയിൽ)	ശതമാനം
2011-12	326.72	264.19	81
2012-13	306.40	218.31	71
2013-14	390.49	272.84	70
2014-15	363.25	305.20	84
2015-16 (31-1-2016 വരെ)	453.68	294.64	65